(ബി) വടക്കേ വയനാട്ടിൽ എത്ര ; തെക്കേവയനാട്ടിൽ എത്ര ;

(സി) വയനാട്താലൂക്കുകളിൽ കൊടുത്ത ലൈസൻസുകാരുടെ പേർ വിവരം മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) 150 മില്ലുകൾക്ക് അനുവാദം കൊടുത്തു.

(ബി) 4.

(സി) 8.

(ഡി) മേശപ്പുറത്ത് വച്ചിട്ടുണ്ട്. *

പറളി ഓവർബ്രിഡ്ജ് പണി.

31. [12] ശ്രീ. എം. വി. വാസു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറളി റെയിൽവേ ഗേററിനു സമീപം ഒരു ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യത്തിൽ ഈ ഗവണ്മെൻറ് കേന്ദ്ര റെയിൽവേ അധികാരികളുമായി വല്ല തീരുമാനത്തിലും എത്തിയിട്ടുണ്ടോ ;

(ബി) പറളി ഓവർബ്രിഡ്ജ് പണിയുന്നതിന് റയിൽവേ ബോഡിന്റെ അനുമതി കിട്ടിക്കഴിഞ്ഞോ ;

(സി) പറളി ഓവർബ്രിഡ്ജിന്റെ പണി എപ്പോൾ തുടങ്ങുമെന്നു പറയാമോ ;

(ഡി) പറളി ഓവർബ്രിഡ്ജിന്റെ പണി നാലാം പഞ്ചവത്സര പദ്ധതിക്കാലത്തെങ്കിലും പൂർത്തിയാകുമോ ?

ഉത്തരം

(എ, ബി) പറളി ഓവർബ്രിഡ്ജ് മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു റെയിൽവേ അധികൃതരോട് ശുപാർശചെയ്തിട്ടുണ്ട്. 1964–65–ൽ അതിന്റെ പണി തുടങ്ങുന്നതിനു നടപടിയെടുത്തു കൊണ്ടിരിക്കയാണെന്നു അവർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി, ഡി) ഓവർബ്രിഡ്ജുകളുടെ പണി കേന്ദ്രത്തിന്റെ നിയന്ത്രണത്തിലായതുകൊണ്ട് പണി എപ്പോൾ തുടങ്ങുമെന്നോ എന്നു പൂർത്തിയാകുമെന്നോ പറയുവാൻ നിവൃത്തിയില്ല.

എരനെല്ലൂർ–പരിയാപുരം റോഡിന്റെ പ്രവർത്തനം.

32. [13] ശ്രീ. സി. എം. കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എരനെല്ലൂർ–പരിയാപുരം റോഡിന്റെ (തിരൂർ താലൂക്ക്) പ്രവർത്തനം ഇപ്പോഴും തുടരാതിരിക്കാൻ എന്താണു കാരണം ;

(ബി) ഈ റോഡുനിർമ്മാണത്തിനുള്ള അഡ്മിനിസ്ട്രേറ്റീവ് സങ്ഷൻ ഉടനെ കൊടുക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ,ബി) ഈ റോഡ് ഇപ്പോൾ പൊതുമരാമത്തുഡിപ്പാർട്ടുമെൻറിന്റെ അധീനതയിലല്ല. ഈ റോഡ് ഏറ്റെടുത്തു നന്നാക്കുന്നതിനു ധനദൗർലഭ്യം കാരണം ഇപ്പോൾ നിവൃത്തിയില്ല.

* Appendix XII.

LIBRARY ARCHIVES Kerala Legislative Assembly